നമ്പർ	പരിശീലന കേന്ദ്രം	എണ്ണം
1	ജി.എച്ച്.എസ്സ്.എസ്സ്. കോട്ടില	385
2	ജി.എച്ച്.എസ്സ്.എസ്സ്. ടൗൺ കണ്ണൂർ	753

പരിശീലനം പുരോഗമിക്കുന്നവരുടെ വിവരങ്ങൾ

നമ്പർ	പരിശീലന കേന്ദ്രം	എണ്ണം
1	ചാവശ്ശേരി എച്ച്.എസ്സ്.എസ്സ്.	386
2	ജി.ജി.എച്ച്.എസ്സ്.എസ്സ്. തലശ്ശേരി	448
3	ജി.എച്ച്.എസ്സ്.എസ്സ്. കോട്ടില	590
4	ജി.എച്ച്.എസ്സ്.എസ്സ്. മണത്തണ	525
5	ജി.എച്ച്.എസ്സ്.എസ്സ്. മാത്തിൽ	411
6	ജി.എച്ച്.എസ്സ്.എസ്സ്. പാലയാട്	453
7	ജി.എച്ച്.എസ്സ്.എസ്സ്. ശ്രീകണ്ഠപുരം	429
8	ജി.എച്ച്.എസ്സ്.എസ്സ്. ടൗൺ കണ്ണൂർ	512
9	ജി.വി.എച്ച്.എസ്സ്.എസ്സ്. കതിരൂർ	509
10	കെ.എം.എം.വിമൻസ് കോളേജ് പള്ളിക്കുന്ന്	490
11	ടാഗോർ ജി.എച്ച്.എസ്സ്.എസ്സ്. തളിപ്പറമ്പ	451

ഹയർ സെക്കണ്ടറി അഡ്മിഷൻ

43(2607) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. പാസ്സായ പല കുട്ടികൾക്കും ഹയർ സെക്കണ്ടറിയിൽ ഇഷ്ടപ്പെട്ട വിഷയം ലഭിക്കാതെ വരുന്നുണ്ടെന്നും മെച്ചപ്പെട്ട മാർക്കുള്ളവർക്കും എയ്ഡഡ് സ്കൂളുകളിൽ പണം നൽകി മാത്രമേ അഡ്മിഷൻ ലഭിക്കുന്നുള്ളുവെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ എല്ലാ കുട്ടികൾക്കും ഇഷ്ടവിഷയങ്ങളിൽ അഡ്മിഷൻ ലഭിക്കാവുന്ന സാഹചര്യം സൃഷ്ടിക്കുമോ;

(ബി) ഹയർ സെക്കണ്ടറി അഡ്മിഷന് എയ്ഡഡ് സ്കൂളുകളിൽ വിദ്യാർത്ഥികളിൽ നിന്നും ഈടാക്കാവുന്ന തുക എത്രയാണെന്ന് പറയാമോ; എല്ലാ വിഷയങ്ങൾക്കും ഒരേ തുക ഈടാക്കുന്നതിനാണോ അനുമതി നൽകിയിരിക്കുന്നത് എന്ന് പറയാമോ;

(സി) മെറിറ്റ് ലിസ്റ്റിൽ നിന്നും അഡ്മിഷൻ പൂർത്തിയാക്കിയതിനുശേഷം മാത്രമേ മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ നൽകുന്നതിന് അപേക്ഷകൾ വിതരണം ചെയ്യാൻ പാടുള്ളൂ എന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ഹയർ സെക്കണ്ടറി പ്രവേശനത്തിന് വിദ്യാർത്ഥികളിൽ നിന്നും ഈടാക്കാവുന്ന തുക അനുബന്ധമായി ചേർത്തിരിക്കുന്നു.* ഇതിനുപുറമെ പരമാവധി 500 രൂപ (അഞ്ഞൂറ്) പി.ടി.എ. ഫണ്ടും (നിർബന്ധമല്ല) ഈടാക്കാവുന്നതാണ്.

(സി) പ്ലസ് വൺ പ്രവേശനത്തിനായുള്ള ഏകജാലക സംവിധാനത്തിന്റെ മുഖ്യ ഘട്ടത്തിലെ അവസാന അലോട്ട്മെന്റ് പ്രസിദ്ധീകരിച്ച ശേഷം മാത്രമേ മാനേജ്മെന്റ്/കമ്മ്യൂണിറ്റി/അൺ - എയ്ഡഡ് ക്വാട്ടയിലുള്ള പ്രവേശന നടപടികൾ ആരംഭിക്കുവാൻ പാടുള്ളൂ എന്ന നിർദ്ദേശം നൽകാറുണ്ട്.

എയ്ഡഡ് കോഴ്സുകളിലെ സ്റ്റാഫ് പാറ്റേൺ

44(2618) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 17-9-2014-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എയ്ഡഡ് കോളേജുകളിൽ 1987-നുശേഷം അനുവദിച്ച എയ്ഡഡ് കോഴ്സുകൾ അംഗീകരിച്ച് സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ചിട്ടുണ്ടോ; അദ്ധ്യാപക തസ്തികയ്ക്ക് ആനുപാതികമായി അനദ്ധ്യാപക തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ച് ഉത്തരവാകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ജീവനക്കാരുടെ കുറവുമൂലം എയ്ഡഡ് കോളേജുകളിലെ പരീക്ഷാ ജോലികൾക്കും ശുചീകരണ പ്രവർത്തനമടക്കമുള്ളവയ്ക്കും പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എയ്ഡഡ് കോളേജ് ജീവനക്കാർക്ക് പി.എഫ്. ലോൺ അനുവദിക്കുന്നതിന് നിരോധനമുണ്ടോ;

(ഇ) എങ്കിൽ ആയത് പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിൽ അനദ്ധ്യാപകർക്ക് 17-9-2004-ലെ സ.ഉ. (കൈ) നമ്പർ 119/04/ഉ.വി.വ. പ്രകാരമുള്ള സ്റ്റാഫ് പാറ്റേണാണ് നിലവിലുള്ളത്. സ്വകാര്യ എയ്ഡഡ് കോളേജുകളിൽ നിലവിലുള്ള എയ്ഡഡ് കോഴ്സുകളുടെ എണ്ണം പരിഗണിച്ചും നിലവിലെ ജോലിഭാരം കണക്കിലെടുത്തും അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.